# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2361 — 13.02.2013 ൽ മറുപടിയ്ക്ക്

## സംസ്ഥാന കാർഷികവികസന ബാങ്കിന്റെ കടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.റ്റി. എൻ. പ്രതാപൻ<br>ശ്രീ. വി. ഡി. സതീശൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന കാർഷികവികസന ബാങ്കിന്റെ കടം എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് 2003-2004/2010 വരെയുള്ള ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ അടയ്ക്കുവാൻ വേണ്ടി 2010-2011 ൽ സർക്കാർ അനുവദിച്ച പലിശ രഹിത വായ്പയായ 125.53 കോടി രൂപ എഴുതിത്തള്ളാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ധനകാര്യ മന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ ചേർന്ന യോഗങ്ങളിൽ തത്വത്തിൽ ധാരണയായിട്ടുണ്ട്. |
| (ബി) കടം എഴുതിത്തള്ളേണ്ടിവന്ന സാഹചര്യം എന്തായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 2003 ലെ ഗവൺമെന്റ് ഗ്യാരന്റിയുടെ പരമാവധി ആക്റ്റ് (Ceiling on Government Guarantee Act 2003) പ്രകാരം ഗ്യാരന്റി കമ്മീഷൻ കുടിശ്ശികയുള്ള സ്ഥാപനങ്ങൾക്ക് അധിക ഗ്യാരന്റി നൽകുവാൻ വ്യവസ്ഥയില്ല. ബാങ്കിന് അനുവദിച്ചിട്ടുള്ള ഗ്യാരന്റി പൂർണ്ണമായി ഉപയോഗിച്ചിരിക്കുന്നതിനാൽ അധിക ഗ്യാരന്റി ലഭിക്കാതെ നബാർഡിൽ നിന്നും പുനർ വായ്പയെടുത്ത് സംസ്ഥാനത്തെ ചെറുകിട കർഷകർക്ക് വായ്പ നൽകുവാൻ ബാങ്കിന് കഴിയാത്ത സാഹചര്യമുണ്ട്. മാത്രവുമല്ല കുടിശ്ശികയായ ഗ്യാരന്റി കമ്മീഷൻ തുക മുഴുവൻ ബാങ്കിന്റെ ലാഭനഷ്ടക്കണക്കിൽ ഉൾപ്പെടുത്തിയാൽ ബാങ്ക് വലിയ നഷ്ടത്തിലാവുകയും നബാർഡ് മുതലായ |

പുനർവായ്പ സ്ഥാപനങ്ങൾ ബാങ്കിന് വായ്പ നിഷേധിക്കുന്ന സ്ഥിതി വിശേഷം സംജാതമാക്കുകയും ബാങ്കിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുകയും ചെയ്യുമെന്നതിനാൽ ബാങ്കിന്റെ ആവശ്യം പരിഗണിച്ചാണ് സർക്കാർ മേൽ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) എത്ര കോടി രൂപയാണ് ഈയിനത്തിൽ എഴുതിത്തള്ളിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) 2003-04 മുതൽ 2010-11 വരെയുള്ള ഗ്യാരന്റി കമ്മീഷൻ കുടിശ്ശിക അടയ്ക്കുന്നതിന് 2010-11 ൽ പലിശ രഹിത വായ്പയായി സർക്കാർ അനുവദിച്ച 125.53 കോടി രൂപയാണ് എഴുതിത്തള്ളാൻ തത്വത്തിൽ ധാരണയായിട്ടുള്ളത്.

(ഡി) ഗ്യാരന്റി കമ്മീഷൻ കുറയ്ക്കുന്നതിനെക്കുറിച്ച് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) 2003 ലെ ഗ്യാരന്റി ആക്ടിലും, സർക്കാർ ഉത്തരവിലും വേണ്ട ഭേദഗതി വരുത്തി നിലവിലുള്ള 0.75% നെക്കാളും കുറഞ്ഞ നിരക്കിൽ ഒറ്റത്തവണ വ്യവസ്ഥയിൽ ബാങ്കിൽ നിന്നും ഗ്യാരന്റി കമ്മീഷൻ ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുവാൻ തത്വത്തിൽ ധാരണയായിട്ടുണ്ട്.

(ഇ) ഇതുമൂലം ബാങ്കിന്റെ ഇടപാടുകാർക്ക് എന്തെല്ലാം പ്രയോജനമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഇ) ബാങ്കിന് നബാർഡ് മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും അഭംഗുരം പുനർവായ്പ ലഭിക്കുന്നതിനും തന്മൂലം കേരളത്തിലെ ചെറുകിട ഇടത്തരം കർഷകർക്ക് യഥാസമയം ആവശ്യാനുസരണം ദീർഘകാല കാർഷിക-കാർഷികേതര വായ്പ ന്യായമായ നിരക്കിൽ തടസ്സമില്ലാതെ നൽകുവാനും സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ